"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം -ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം - ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ മലയിൻകീഴ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായിരുന്ന ഡോ.ജിതിൻ രാജ് ഫയൽ ചെയ്ത ഒഎ നമ്പർ 989/2023 കേസിലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2214/2023/H&FWD തീയതി,തിരുവനന്തപുരം, 26-08-2023

പരാമർശം:-

1. ഒഎ 989/2023 നമ്പർ കേസിൽ 19/06/2023 തീയതിയിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ്
2. സഉ (സാധ) 1518/2023/ ആകുവ തീയതി 26/06/2023
3. സഉ (സാധ) 1603/2023/ ആകുവ തീയതി 04/07/2023
4. ഡോ.ജിതിൻ രാജ് സമർപ്പിച്ച അപ്പീൽ അപേക്ഷ
5. 22-07-2023 ൽ ചേർന്ന അപ്പീൽ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ, തിരുവനന്തപുരം മലയിൻകീഴ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായിരുന്ന ഡോ.ജിതിൻ രാജിന് പത്തനംതിട്ട ജില്ലയിലെ മെഴുവേലി പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകുകയുണ്ടായി. പ്രസ്തുത നടപടിക്രമത്തിനെതിരായി ടിയാൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒഎ നമ്പർ 989/2023 കേസ് ഫയൽ ചെയ്യുകയുണ്ടായി. ടി കേസിൽ പരാമർശം (1) പ്രകാരം ബഹു. ട്രിബ്യൂണൽ വിധിപുറപ്പെടുവിക്കുകയും ആയത് പ്രകാരം ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട അപ്പീലുകൾ പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർ പേഴ്സണായും, ആരോഗ്യ വകുപ്പ് ഡയറക്ടർ ,മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവർ അംഗങ്ങളായും പരാമർശം (2),(3) എന്നിവ പ്രകാരം ഒരു അപ്പീൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

(2) ഇതിനിടെ പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ നിർദേശിച്ചതനുസരിച്ച് ഡോ.ജിതിൻ രാജ് പരാമർശം (4) പ്രകാരം അപ്പീൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് പരാമർശം (2),(3) എന്നിവ പ്രകാരം രൂപീകരിച്ച അപ്പീൽ കമ്മിറ്റി 22-07-2023 ന് യോഗം ചേരുകയും ഡോ.ജിതിൻ രാജ്-ന്റേതുൾപ്പെടെയുള്ള അപ്പീലുകൾ പരിശോധിക്കുകയും, ബഹു.ട്രിബ്യൂണൽ നിർദ്ദേശിച്ചതുപ്രകാരം

18861

ഓരോ കേസിലേയും അപേക്ഷകരേയും ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേൾക്കുകയും ചെയ്തു. നേരിൽ കേൾക്കുന്ന വേളയിലും സമർപ്പിച്ചിരുന്ന അപ്പീൽ അപേക്ഷയിലും ഡോ.ജിതിൻ രാജ് ആവശ്യപ്പെട്ടത്, പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട ഏതെങ്കിലും സ്ഥലത്തേക്ക് നിയമനം നൽകണം എന്നാണ്.

(3) അപ്പീൽ കമ്മിറ്റി ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഡോ. ഡോ.ജിതിൻ രാജ് പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ഓപ്ഷൻ സമർപ്പിച്ചിരുന്ന സ്റ്റേഷനുകളിൽ നിയമനം നൽകിയിരിക്കുന്നത് പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടും സീനിയോറിറ്റിയും വിവിധ വിഭാഗങ്ങൾക്കുള്ള സംവരണവും പരിഗണിച്ചുകൊണ്ടുമാണെന്നും ആയതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷയിലെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിരാകരിക്കാവുന്നതാണെന്ന് കമ്മിറ്റി ശിപാർശ ചെയ്യുകയുണ്ടായി.

(4) അപ്പീൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഡോ.ജിതിൻ രാജ് പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ഓപ്ഷൻ സമർപ്പിച്ചിരുന്ന സ്റ്റേഷനുകളിൽ നിയമനം നൽകിയിരിക്കുന്നത് പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടും സീനിയോറിറ്റിയും വിവിധ വിഭാഗങ്ങൾക്കുള്ള സംവരണവും പരിഗണിച്ചുകൊണ്ടുമാണെതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷയിലെ ആവശ്യം നിരാകരിച്ച് , പരാമർശം (4) പ്രകാരമുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു. ബഹു.ട്രിബ്യൂണലിന്റെ പരാമർശം (1) പ്രകാരമുള്ള വിധിന്യായം ഇപ്രകാരം അനുപാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ ,കേരള,തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
ഡോ.ജിതിൻ രാജ് ,അസിസ്റ്റന്റ് സർജൻ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി,
മലയിൻകീഴ് , തിരുവനന്തപുരം
ഡോ. ആതിര മോഹൻ ,അസിസ്റ്റന്റ് സർജൻ,താലൂക്കാശുപത്രി,
വിതുര ,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ.

-

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 26-08-2023 18:04:55

**മേലെഴുത്ത് നം: ഇ.എ2-12077/2023/ആ.വ.ഡ തീയതി 04.09.2023**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി